# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6949 13.07.2012 - ൽ മറുപടിക്ക്

## വെള്ളായണി കായലിൽനിന്ന് വാട്ടർ അതോറിറ്റി നൽകുന്ന കുടിവെള്ളം

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള വാട്ടർ അതോറിറ്റി നേമം നിയോജകമണ്ഡലത്തിലെ ഏതൊക്കെ നഗരസഭാ വാർഡുകളിലാണ് വെള്ളായണി കായലിൽ നിന്ന് പൈപ്പുകളിലൂടെ കുടിവെള്ളം എത്തിക്കുന്നത്; | (എ) കേരള വാട്ടർ അതോറിറ്റി നേമം നിയോജകമണ്ഡലത്തിലെ പുഞ്ചക്കരി, പൂങ്കുളം വാർഡുകളിലാണ് വെള്ളായണി കായലിൽ നിന്നുള്ള ജലം ശുദ്ധീകരിച്ച് കുടിവെള്ള വിതരണം നടത്തുന്നത്. |
| (ബി) പ്രസ്തുത വാർഡുകളിലെ വീടുകളിൽ ഇപ്പോൾ ആഴ്ചയിൽ എത്ര ദിവസമാണ് വാട്ടർ അതോറിറ്റി കുടിവെള്ളം ലഭ്യമാക്കുന്നത്; | (ബി) പുഞ്ചക്കരി വാർഡിലെ പാടിച്ചവിള, പ്ലാപ്പട്ടിവിള, മുട്ടളക്കുഴി, മേനിലം, പുഞ്ചക്കരി എന്നീ പ്രദേശങ്ങളിൽ 8 ദിവസത്തിലൊരിക്കലും പൂങ്കുളം വാർഡിലെ കല്ലടിച്ചാംമൂല, ആലുനിന്നവിള, മുനിപ്പാറ, പണ്ടാരവിള, ആർഷ ആയുർവേദ ആശുപത്രിഭാഗം, കോളിയൂർ പോർഷൻ, പടിഞ്ഞാറേ പൂങ്കുളം പോർഷൻ എന്നീ പ്രദേശങ്ങളിൽ 4 ദിവസത്തിലൊരിക്കലും ജലം ലഭ്യമാക്കി വരുന്നു. |
| (സി) അവിടെ കുടിവെള്ളം ശുദ്ധീകരണ പ്രക്രിയയ്ക്കു ശേഷമാണോ ഉപഭോക്താക്കൾക്കു നൽകുന്നത്; | (സി) കേരള വാട്ടർ അതോറിറ്റിയുടെ വണ്ടിത്തടം ജലശുദ്ധീകരണശാലയിൽ ശുദ്ധീകരണ പ്രക്രിയയ്ക്കു ശേഷമാണ് ടി പ്രദേശങ്ങളിൽ ഉപഭോക്താക്കൾക്ക് ജലം നൽകുന്നത്. |
| (ഡി) ആണെങ്കിൽ ശുദ്ധീകരണം നടത്തുന്നതു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | (ഡി) സ്രോതസ്സായ വെള്ളായണി കായലിൽ നിന്നുള്ള ജലം വണ്ടിത്തടം ജലശുദ്ധീകരണശാലയിൽ ശാസ്ത്രീയമായ രീതിയിൽ എയറേഷൻ, പ്രീക്ലോറിനേഷൻ, കോയാഗുലേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ക്ലോറിനേഷൻ എന്നിവ നടത്തി ശുദ്ധീകരണ പ്രക്രിയ പൂർത്തിയാക്കി അംഗീകൃത മാനദണ്ഡമനുസരിച്ച് അണുവിമുക്തമാണെന്ന് ഉറപ്പു വരുത്തിയാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ